വനമേഖലയിലെ ജൈവ ആവാസ വ്യവസ്ഥയെ ബാധിക്കുന്നതെങ്ങനെ എന്ന് പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2000 ലെ "Environmental and Social Impact Assessment of Increasing the Water Level at Periyar Lake in Periyar Tiger Reserve" എന്ന റിപ്പോർട്ടിലും ഇത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. മുഖ്യ വനപാലകൻ ആയിരുന്ന ശ്രീ. വി. ഗോപിനാഥന്റെ നേതൃത്വത്തിൽ 2014 നവംബർ മാസത്തിൽ നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടമേഖല പരിധിയിൽ ശബരിമല ഉൾപ്പെടുന്ന പത്തനംതിട്ട ജില്ല ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയവും ഹരിത ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

(ഡി) ഇല്ല. എന്നിരുന്നാലും, തടാകതീരത്തെ വന പ്രദേശങ്ങൾ വെള്ളത്തിനടിയിലായതുമൂലം പരമ്പരാഗത സഞ്ചാര പഥങ്ങൾ നഷ്ടപ്പെടുന്ന വന്യജീവികൾ ശബരിമല ഉൾപ്പെടെയുള്ള വന ഭാഗങ്ങളിലേയ്ക്ക് നീങ്ങുന്നത് ശബരി മല ഭാഗങ്ങളിൽ തീർത്ഥാടകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനുള്ള സാധ്യത ഉണ്ട്. ഇക്കാര്യവും ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

Ajith

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്